## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ. 31** **05/03/2012 - ൽ മറുപടിക്ക്**

### സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ, അർദ്ധസർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളുടെയെല്ലാം മേൽ വിലാസവും ടെലിഫോൺ നമ്പരും ഉൾപ്പെടുന്ന ഡയറക്ടറി പ്രസിദ്ധപ്പെടുത്താറുണ്ടോ ; | (എ). ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെയെല്ലാം മേൽ വിലാസവും ടെലിഫോൺ നമ്പരും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മീഡിയാ ഹാൻഡ്ബുക്ക് എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ വർഷവും മീഡിയാ ഹാൻഡ്ബുക്ക് പുറത്തിറക്കിയിട്ടുണ്ട്. |
| (ബി) ജില്ലാടിസ്ഥാനത്തിൽ അത്തരം ഡയറക്ടറി തയ്യാറാക്കി പ്രസിദ്ധപ്പെടുത്താറുണ്ടോ : | (ബി) ഇല്ല. |
| (സി). ഇത്തരത്തിലുള്ള ഡയറക്ടറിയുടെ അഭാവം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നത് പരിഗണിച്ച് ഇത്തരം ഡയറക്ടറികൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനും കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുന്നതിനും നിർദ്ദേശം നൽകുമോ? | (സി) '(എ)' ചോദ്യത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല. |

RJayasree
സെക്ഷൻ ഓഫീസർ